# FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ

**Hazrat khalifathullah Munir Ahmad Azim (A)**

**04 November 2016 (03 Safar 1438 Hijira)**

## Purification Through Prayer / പ്രാർത്ഥനയിലൂടെ പരിശുദ്ധി നേടുക

സലാമിനു ശേഷം, തശഹ്ഹുദ്, തഅവ്വുദ്, സൂറ അൽഫാതിഹാ ഓതിയ ശേഷം പ്രാർത്ഥനയിലൂടെ പരുശുദ്ധി നേടുക എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിക്കുകയുണ്ടായി. **സഹനവും പ്രാർത്ഥനയും മുഖേന നിങ്ങൾ സഹായാർഥന ചെല്ലുവിൻ ! വിനായാന്വിതരല്ലാത്തവർക്ക് തീർച്ചയായും അത് ഭാരമേറിയതാകുന്നു. തങ്ങളുടെ നാഥനെ കണ്ടുമുട്ടുന്നവരും അവനിലേക്ക് തന്നെ മടങ്ങിച്ചെല്ലുന്നവരുമാണെന്ന് ദൃഢമായി വിശ്വസിക്കുന്ന (വിനായാന്വിതർ) (2:46:47)**

പ്രാർത്ഥന ആത്മീയ ശുദ്ധീകരണമാകുന്നു. മുസ്ലിംകൾ ദിവസവും 5 പ്രാവശ്യം ഇപ്രകാരം ശുദ്ധീകരണം നടത്തേണ്ടതുണ്ട്. പ്രാർത്ഥന ഇസ്ലാംമിന്റെ അവിഭാജ്യ ഘടകമാണ്. ഓരോ നിഷ്കളങ്ക മുസ്ലീം വിശ്വാസിയും നിർബന്ധമായും അത് അനുഷ്ഠിക്കേണ്ടതുമാണ്. അല്ലാഹുവിന്റെ ഏകത്വത്തെയും അവന്റെ ഇതര ഗുണവിശേഷങ്ങളെയും ദിവസവും 5 പ്രാവശ്യം ഓരോ മുസ്ലിം വിശ്വാസിയും ഉറപ്പിച്ചു പ്രഖ്യാപിക്കുകയും അവന്റെ ദൂതനാണ് മുഹമ്മദ് (സ) എന്ന് ദൃഢീകരിപ്പിക്കുകയും ചെയ്യുന്നു. പ്രാർത്ഥന ഓരോ മുസ്ലിമിന്റെയും നിത്യജീവിതത്തിലെ അവിഭാജ്യഘടകം തന്നെയാണ്. സർവ്വശക്താന ദൈവം അവനോട് പ്രഭാതോദയത്തിന് മുൻപും. മദ്ധ്യാഹനം പിന്നിട്ടു ഉടനെയും, മൂന്നാമതായി മധ്യാഹനം  കഴിഞ്ഞ് കുറെ കഴിഞ്ഞ ശേഷവും, നാലാമതായി സൂര്യസ്തമയശേഷവും, അഞ്ചാമതായി നിദ്രയ്ക്കു പോകുന്നതിനു മുൻപായും, പ്രാർത്ഥിക്കുവാൻ കല്പിച്ചിരിക്കുന്നു. ചുരുക്കത്തിൽ ഒരു മുസ്ലിമിന്റെ ഓരോ ദിനവും ആരംഭിക്കുന്നതും അവസാനിക്കുന്നതും പ്രാർത്ഥനിലൂയെടാണ്. ചുരുക്കത്തിൽ പ്രാർത്ഥന ഒരുവനെ അവൻ എത്ര ധൃതിപിടിച്ച ജോലിത്തിരക്കിലാണെങ്കിലും, അല്ലെങ്കിലും ശരി അവന്റെ സൃഷ്ടാവിനെ കുറിച്ച് സ്മരിക്കുവാൻ പ്രാപ്തനാകുന്നു. ഓരോ വ്യക്തിയും ദൈവത്തിന്റെ മുൻപാകെ കണക്കുബോധിപ്പിക്കേണ്ടി വരുമെന്ന കാര്യം ഇസ്ലാം ഊന്നിപ്പറയുന്നു. അവന്റെ അപൂർണ്ണതകളെയും ദൗർബല്യങ്ങളെയും അവൻ അംഗീകരിക്കുകയും ചെയ്യുന്നു.

ഒരു ദിവസം അഞ്ച് നേരം പ്രാർത്ഥിക്കണമെന്നുണ്ടെങ്കിലും, ജോലി ഭാരത്താൽ ഒഴിവാകുവാൻ സാധിക്കുന്നവർക്ക്, ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ രണ്ട് പ്രാർത്ഥനകൾ ഒരുമിച്ചു നിർവ്വഹിക്കുവാൻ അനുവദിച്ചിരിക്കുന്നു. മാത്രമല്ല ഒരാൾ രോഗാവസ്ഥയിലോ, യാത്രയിലോ ആണെങ്കിൽ പ്രാർത്ഥനകളുടെ എണ്ണം കുറയ്ക്കാവുന്നതുമാണ്. മാത്രമല്ല രോഗാവസ്ഥയിൽ യഥാർഥ പ്രാർത്ഥനയ്ക്ക് മാറ്റം വരുത്താവുന്നതുമാണ്. ഉദാഹരണത്തിന് പ്രാർത്ഥനയ്ക്കായി നില്ക്കുന്നതിന് പകരം, രോഗിയായ ആൾക്ക് ഇരുന്ന് പ്രാർത്ഥിക്കാവുന്നതാണ്, ഇനി അവന് അതും സാധിക്കാതെ വന്നാൽ അവന് കിടക്കയിൽ കിടന്ന് നമസ്ക്കരിക്കാവുന്നതാണ്.

സംഘടിത നമസ്ക്കാരം പ്രധാനപ്പെട്ട ഒരു സാമൂഹ്യ ഉത്തരവാദിത്വമാണ്. ആ സമയത്ത് പാവപ്പെട്ടവനും പണക്കാരനും, ഉന്നത ശ്രേണിയിലുള്ളവനും താഴ്ന്ന ശ്രേണിയിലുള്ളവനും പരസ്പരം ചേർന്ന് നിന്ന് സർവ്വശക്തനായ ദൈവത്തിന്റെ മുന്നിൽ നാമെല്ലാം തുല്യരാണ് എന്ന പാഠം നമ്മെ ഓർമ്മപ്പെടുത്തുന്നു. പള്ളിയിൽ ഏതു സ്ഥാനത്ത് നില്ക്കണമെന്ന് ആർക്കും ഒരു മുൻഗണനയും അത് നല്ക്കുന്നില്ല. നിശ്ചിത സ്ഥലങ്ങൾ മുൻകൂട്ടി നല്കുന്ന ആശയം ആരാധനാലയത്തിലില്ല. വ്യക്തികൾ തമ്മിലുള്ള പദവികളും, ധനവും, നിറവുമെല്ലാം ദൈവത്തിന്റെ തിരുമുമ്പിൽ അപ്രത്യക്ഷമാകുന്നു.

പ്രാർത്ഥന ഹൃദയശുദ്ധീകരണത്തിന് ശക്തവും ഫലപ്രദവുമായ ഒരു മാർഗ്ഗം തന്നെയാണ്. സർവ്വശക്തനായ ദൈവം വിശുദ്ധഖുർ അതിൽ പറയുന്നു. ഈ ഗ്രന്ഥത്തിൽ നിന്ന് നിനക്ക് ദിവ്യസന്ദേശം മുഖേന നല്കപ്പെട്ടത് നീ ഓതുക. (ജനങ്ങൾക്ക് ഓതികേൾപ്പിക്കുക) നമസ്ക്കാരം നിലനിർത്തുകയും ചെയ്യുക. നീച കൃത്യങ്ങളെയും നിഷിദ്ധ കർമ്മങ്ങളെയും നിശ്ചയമായും നമസ്ക്കാരം തടയുന്നതാണ്. **തീർച്ചയായും അല്ലാഹുവിന്റെ സ്മരണ അതിമഹത്തരമാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതു അല്ലാഹു അറിയുന്നുമുണ്ട് (29:46) പകലിന്റെ രണ്ടു ഭാഗങ്ങളിലും രാവിന്റെ ആദ്യഭാഗങ്ങളിലും നമസ്ക്കാരം നിലനിറുത്തുക. തീർച്ചയായും സൽക്കർമ്മങ്ങൾ ദുഷ്ക്കർമ്മങ്ങളെ അകറ്റിക്കളയുന്നു. ഇത് (ഈ അദ്ധ്യാപനം) ഓർമ്മിക്കുന്നവർക്ക് ഒരു ഉൽബോധനമാകുന്നു. (11:115)**

**ആയതിനാൽ വിശ്വാസികളോട് സ്വയം സംശുദ്ധരാകുവാൻ അത് ആഹ്വാനം ചെയ്യുന്നു. അതിനെ പരിശുദ്ധമാക്കിയവൻ തീർച്ചയായും വിജയം പ്രാപിച്ചു അതിനെ ദുഷിപ്പിച്ചവൻ തീർച്ചയായും പരാജയപ്പെടുകയും ചെയ്തു (91:10, 11)**

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞു **സ്വർഗ്ഗത്തിലേക്കുള്ള താക്കോൽ പ്രാർത്ഥനയാകുന്നു. പ്രാർത്ഥനയുടെ താക്കോൽ അംഗശുദ്ധിവരുത്തലാണ് (തിർമിദി)**

അബൂദർറ് (റ) പ്രവാചകൻ (സ)യുടെ അടുത്ത അനുയായി വിവരിക്കുന്നു. അതായത് പരിശുദ്ധ പ്രവാചകൻ (സ) ശൈത്യകാലത്ത് പുറത്തു പോവുകയുണ്ടായി. അപ്പോൾ വൃക്ഷത്തിന്റെ ഇലകൾ കൊഴിഞ്ഞു വീണുകൊണ്ടിരുന്നു. അപ്പോൾ പ്രവാചകൻ (സ) ഒരു വൃക്ഷത്തിന്റെ രണ്ട് ശിഖരങ്ങളിൽ പിടിച്ചു, അവയുടെ ഇലകൾ കൊഴിഞ്ഞു വീഴാറായിരിക്കുകയായിരുന്നു. എന്നിട്ട് പ്രവാചകൻ (സ) അദ്ദേഹത്തിന്റെ നേരെ തിരിഞ്ഞിട്ട് പറഞ്ഞു. ഒരു മുസ്ലിം ദൈവ പ്രീതിക്കായി പ്രാർത്ഥിക്കുമ്പോൾ **അവനിലുള്ള പാപങ്ങൾ ഈ വൃക്ഷത്തിന്റെ ഇലകൾ കൊഴിഞ്ഞു പോകുന്നതുപോലെ കൊഴിഞ്ഞു പോകുന്നതാണ് (അഹ്മദ്)**

പ്രവാചകൻ (സ) യുടെ അടുത്ത മറ്റൊരു അനുയായിയെ അബൂഹുറൈറ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. പ്രവാചകൻ (സ) പറഞ്ഞു നിങ്ങളിൽ ഒരാൾക്ക്, അവന്റെ വാതിലിൽ ഒരു അരുവിയുണ്ടെന്നിരിക്കട്ടെ, അതിൽ അവർ സ്വയം ദിവസവും അഞ്ചു പ്രാവശ്യവും കുളിക്കുന്നു എന്നു കരുതുക അവനിൽ എന്തെങ്കിലും മാലിന്യം അവശേഷിക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? (അവൻ ശുദ്ധനായിരിക്കും എന്ന് താല്പര്യം) പ്രവാചകൻ (സ) പറഞ്ഞു. അഞ്ചുനേരം പ്രാർത്ഥനയുടെ ഉദാഹരണമാണിത് **മനുഷ്യരിലുള്ള എല്ലാ അഴുക്കുകളും അല്ലാഹു ഇതിലൂടെ നീക്കം ചെയ്യുന്നതാണ് (ബുഖാരി, മുസ്ലീം)**

ശുദ്ധീകരണം എന്ന ആശയത്തിന് (ശാരീരികവും ആത്മീയവും) ഇസ്ലാമിൽ വളരെ പ്രധാനപ്പെട്ട സ്ഥാനമാണുള്ളത് അനേകം വചനങ്ങളിലൂടെ പരിശുദ്ധ പ്രവാചകൻ (സ) വ്യക്തമാക്കുന്നു. പ്രാർത്ഥന ഒരുവനെ ശുദ്ധീകരിക്കുന്നതിനുള്ള മാർഗ്ഗമാകുന്നു, അവന്റെ ഉള്ളിലും പുറമേയുള്ള എല്ലാ ദുഷ്ചെയ്തികളും, ദുഷ് തോന്നലുകളും അകറ്റിക്കളയുന്നതാണ്. അവിടെ ശാരീരിക ശുദ്ധീകരണം നടക്കുന്നു. അതോടൊപ്പം നല്ല പ്രവർത്തിയിലൂടെ ആത്മീയ ശുദ്ധീകരണവും നടക്കുന്നു. വിശുദ്ധ ഖുർആനിൽ ഇത്തരം ആളുകളുടെ അവസ്ഥയെ പറയുന്നത് കാണുക. **പരിശുദ്ധിയാർജ്ജിക്കുവാൻ ആഗ്രഹിക്കുന്ന ചില ആളുകൾ ആ പള്ളിയിലുണ്ട്. പരിശുദ്ധി നേടുന്നവരെ അല്ലാഹു സ്നേഹിക്കുന്നു (9:108)**

തീർച്ചയായും ഒരു യഥാർത്ഥ മുസ്ലീം തീർച്ചയായും ശാരീരികമായും, മാനസികമായും ആത്മീയമായും ശുദ്ധതയിലായിരിക്കും. നിത്യവുമുള്ള ഈ പ്രാർത്ഥന അവനെ ശുദ്ധീകരണത്തിൽ സഹായിച്ചു കൊണ്ടിരിക്കുന്നു. കാരണം പ്രാർത്ഥന ദൈവത്തെ പൂർണ്ണമായും സ്മരിക്കുന്നതിനുള്ള ഒരു വഴിയാകുന്നു. തെറ്റുകളെ ഇല്ലായ്മ ചെയ്യുവാനും ഹൃദയത്തിന്റെ അനാരോഗ്യകരമായ ഇച്ഛകളിൽ നിന്നും അതിനെ മോചിപ്പിക്കുവാനും അത് സഹായിക്കുന്നു.

**വിശുദ്ധ ഖുർ ആൻ താഴെ കാണുന്ന രണ്ടു വചനങ്ങളിലൂടെ പറയുന്നത് ശ്രദ്ധിക്കുക. തീർച്ചയായും ഞാൻ തന്നെയാണ് അല്ലാഹു. ഞാനല്ലാതെ മറ്റ് ഒരു ആരാധ്യനുമില്ല. അതിനാൽ, എന്നെ ആരാധിക്കുക. എന്നെ സ്മരിക്കുന്നതിനു വേണ്ടി നമസ്ക്കാരം നില നിർത്തുകയും ചെയ്യുക. 20:15 തീർച്ചയായും അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയാണ് (ജീവിതത്തിലെ) ഏറ്റവും വലിയ കാര്യം (29:46)**

നമസ്ക്കാരത്തിന്റെ യഥാർത്ഥ ലക്ഷ്യം ഇതാണ്. അതായത് ജനങ്ങൾ തങ്ങളുടെ ദൈവത്തോടുള്ള അവരുടെ കടമ അവഗണിക്കരുത്. അവൻ അവന്റെ രക്ഷിതാവാകുന്നു. ഉടമസ്ഥനാകുന്നു ; അവരെല്ലാവരും അവന്റെ സേവകന്മാരാകുന്നു. നിത്യേനയുള്ള പ്രാർത്ഥന, ദൈവസാന്നിദ്ധ്യത്തെക്കുറിച്ച് നിത്യവും അവരെ ഓർമ്മിപ്പിക്കുവാനാണ്. അവനോടുള്ള ഉത്തരവാദിത്വങ്ങളും കടമകളും അവരെ ഉണർത്തിക്കൊണ്ടിരിക്കുവാനാണ്. ഈ ഓർമ്മ മനുഷ്യനിലെ തെറ്റായ കാര്യങ്ങളിൽ നിന്നും അവനെ പിടിച്ചകറ്റുകയും ചെയ്യുന്നു. അവൻ പ്രാർത്ഥനയിലൂടെ നേടുന്ന ദൈവസാമീപ്യം ദൈവകല്പനകൾ നിരാകരിക്കുന്നതിൽ നിന്നും അവനെ തടഞ്ഞു നിർത്തുന്നു. ദൈവ സാമീപ്യം എത്ര കണ്ടു അവനിൽ ശക്തവും മഹത്തരവുമാണോ അത്ര കണ്ട് ദൈവീക നിയമത്തെ നിരാകരിക്കുവാനുള്ള ഇച്ഛകളിൽ നിന്നും അവൻ അകലുന്നതാണ്. അങ്ങനെ പ്രാർത്ഥന ആരാധിക്കുന്നവന്റെ ദുഷ്പ്രേരണകളെ കീഴ്പ്പെടുത്തുന്നു. അവന്റെ ഹൃദയവും ആത്മാവും ശുദ്ധീകരിക്കപ്പെടുന്നു. അവനെ നേർവഴിയിലൂടെ നടത്തുന്നു. അവന്റെ ആന്തരിക സത്തക്ക് വളർച്ചയും വികാസവും ഉണ്ടാകുന്നു. അവന്റെ സത്തയിലുള്ള അന്ധകാരത്തെ നീക്കം ചെയ്യുന്നു. സർവ്വശക്തനായ ദൈവത്തിന്റെ പ്രകാശത്തിലേക്ക് അവൻ നയിക്കപ്പെടുന്നു.

ആരാധിക്കുന്നവന്റെ ഹൃദയത്തിൽ ഈ വിശ്വാസം ശക്തി പ്രാപിക്കുവാനാണ് നിത്യ പ്രാർത്ഥന നിർദ്ദേശിച്ചിരിക്കുന്നത്. നിത്യ പ്രാർത്ഥനകൂടാതെ ഈ വിശ്വാസം അനസ്യൂതം തുടരുവാനും ശക്തി പ്രാപിക്കുവാനും അസാധ്യമാണ്. നന്മയും സ്വാത്വികതയും പിന്തുടരുവാനും സാധിക്കുകയില്ല. ഒരു ആരാധകന്റെ ഹൃദയത്തിൽ നിന്നും ഈ അവസ്ഥാ വിശേഷം ആട്ടി ഓടിക്കപ്പെട്ടാൽ, അവൻ എങ്ങനെയാണ് നന്മയെ പിന്തുടരുവാൻ കഴിയുക? നിത്യ ജീവിതത്തിൽ ദൈവ ഭയം മാത്രമാണ് നന്മസ്വീകരിക്കുവാനും തിന്മയെ ഉപേക്ഷിക്കുവാനും നമ്മെ പ്രാപ്തനാക്കുന്നത് ആയതിനാൽ വ്യക്തമായ ഒരേ ഒരു വഴി നിത്യവുമുള്ള പ്രാർത്ഥന നടത്തുക. ദൈവത്തിലുള്ള ഭയത്തെ പരിഷ്ക്കരിക്കുകയും ഉണർത്തുകയും ചെയ്യുക. ദൈവം എല്ലാം കണ്ടുകൊണ്ടിരിക്കുന്നവനും എല്ലായിടത്തും ഹാജരുള്ളവനുമാണ് എന്ന വിശ്വാസം ശക്തിപ്പെടുത്തേണ്ടതാണ്. അപ്പോൾ അവന് നന്മയുടെയും സ്വാത്വികതയുടെ വഴികളിലൂടെ നടക്കുവാനും തിന്മകളെ ഉപേക്ഷിക്കുവാനും കഴിയുന്നതാണ്

എന്റെ അനുചരന്മാർക്കെല്ലാം അനുയായികൾക്കെല്ലാം, അതുപോലെ ലോകജനതയ്ക്കെല്ലാം, പ്രാർത്ഥനയ്ക്കുള്ള രുചിനുകരുവാനുള്ള അവസരം നല്കി അനുഗ്രഹിക്കട്ടെ. പ്രാർത്ഥനയില്ലെങ്കിൽ നാം കരയിലെറിയപ്പെട്ട ഒരു മത്സ്യം പോലെയാണ്. ആത്മീയമായി നാം മരണപ്പെടുന്നതാണ്. തുടർച്ചയായ ഈ പ്രാർത്ഥനയില്ലെങ്കിൽ ദൈവസ്നേഹത്തിന്റെയും, അനുകമ്പയുടെയും, ലാളനയുടെയും വാതിൽ, പ്രാർത്ഥയിലൂടെ നമുക്കായി എന്നെന്നും തുറന്നിടുകയാണ് ചെയ്യുന്നത്. നമ്മുടെ പ്രാർത്ഥനകൾ അല്ലാഹു (ത) സ്വീകരിക്കുമാറാകട്ടെ ! അവന്റെ അത്യുന്നതരായ ദാസന്മാരായി അവൻ നമ്മെ കണക്കാക്കട്ടെ ! ആമീൻ

**Translated by:**
**R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**